**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :107** — **11.2.2016 ലെ മറുപടിയ്ക്ക്**

## അധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ. എസ്. ബിജിമോൾ<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീ.കെ.രാജു<br>ശ്രീ.കെ.അജിത് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2015-16 അധ്യയനവർഷം മുതൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ലിയു പി (സി) നം.19008/13 തുടങ്ങിയ വിവിധ അന്യായങ്ങളിൽ പുറപ്പെടുവിച്ച 17.12.2015 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം, തസ്തികനിർണ്ണയം സംരക്ഷണാനുകൂല്യം തുടങ്ങിയവ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 29.01.2016 ലെ സ.ഉ. (പി) നം. 29/16/പൊവിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) എയ്ഡഡ് സ്കൂൾ അധ്യാപക നിയമനത്തിന് നടപ്പ് അധ്യയന വർഷം മുതൽ 1:45 എന്ന അധ്യാപക – വിദ്യാർത്ഥി അനുപാതം പാലിക്കണമെന്ന വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ റദ്ദാക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുമോ; | (ബി) റദ്ദാക്കിയിട്ടുണ്ട്. 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം എൽ.പി.ക്ലാസുകളിൽ (1 മുതൽ 5 വരെ) 1:30, യു.പി. ക്ലാസുകളിൽ (6 മുതൽ 8 വരെ) 1:35 എന്ന അധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കണമെന്ന കണ്ടെത്തൽ കാരണമാണ് ബഹു. ഹൈക്കോടതി 1:45 അനുപാതം റദ്ദാക്കിയിട്ടുള്ളത്. എന്നാൽ ഹൈസ്കൂൾ ക്ലാസുകളിൽ (9, 10 ക്ലാസ്സുകളിൽ)1:45 അനുപാതം സംബന്ധിച്ച വ്യവസ്ഥ ബഹു.ഹൈക്കോടതി റദ്ദാക്കിയിട്ടില്ല |
| (സി) അധ്യാപകരുടെ പ്രവർത്തന മികവ് വിലയിരുത്താൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായുള്ള സമിതി എന്നുള്ള വ്യവസ്ഥ കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ? | (സി) റദ്ദാക്കിയിട്ടുണ്ട്. പകരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - അദ്ധ്യാപക പാക്കേജ് - ഡബ്ല്യൂ പി. (സി) 19008/13 തുടങ്ങിയ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 17.12.2015 ലെ വിധിന്യായം നടപ്പിലാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ (പി) നം. 29/2016/പൊവിവ തീയതി, തിരുവനന്തപുരം, 29.01.2016**

പരാമർശം:
1. 11.8.2014 ലെ ലെ സ.ഉ. (പി) നം. 154/2014/പൊവിവ.
2. 6.8.2015 ലെ സ.ഉ. (പി) നം. 213/2015/പൊവിവ.
3. ഡബ്ല്യൂ പി. (സി) 19008/13 തുടങ്ങിയ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 17.12.2015 ലെ വിധിന്യായം.

## ഉത്തരവ്

അദ്ധ്യാപക പാക്കേജ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 1.10.2011 ലെ സ.ഉ. (പി) 199/2011 ഉത്തരവും അനുബന്ധ ഉത്തരവുകളും പിൻവലിച്ചുകൊണ്ട് അദ്ധ്യാപകരുടെ നിയമനം, തസ്തിക നിർണ്ണയം, സംരക്ഷണാനുകൂല്യം എന്നിവ സംബന്ധിച്ച് പരാമർശം (2) പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിലെ വിവിധ വ്യവസ്ഥകൾക്കെതിരെ നിരവധി കേസുകൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ടു. പ്രസ്തുത കേസുകൾ പരിഗണിച്ചതിനു ശേഷം, ബഹു. ഹൈക്കോടതി, ഡബ്ല്യൂ പി. (സി) 19008/13 തുടങ്ങിയ കേസുകളിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് ചില ഭേദഗതികളോടെ നിലനിർത്തുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സർക്കാർ പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിക്കുകയുമുണ്ടായി. എന്നാൽ 2011-12 മുതൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ സർക്കാർ ഫയൽ ചെയ്യുന്ന അപ്പീലിന്റെ അന്തിമ തീർപ്പിന് വിധേയമായി, പരാമർശം (2) ലെ ഉത്തരവ് കോടതി വിധിയനുസരിച്ച് താഴെപ്പറയുംപ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ചു.

## നിർദ്ദേശങ്ങൾ

### I. അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം

താഴെപ്പറയുന്നവിഭാഗം ജീവനക്കാർക്ക് സംരക്ഷണം അനുവദിക്കുന്നതാണ്.

(1) 31.3.2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/ അനദ്ധ്യാപകർ;

(2) അദ്ധ്യാപക പാക്കേജ് വഴി 1.6.2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/ അനദ്ധ്യാപകർ;

(3) മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും ;

(4) അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപകപാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ;

. . . . . . . . . (2)

(5) 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടതും, ഖണ്ഡിക II ലെ ഉപഖണ്ഡിക (2) ലെ അനുപാതപ്രകാരം അംഗീകരിക്കപ്പെട്ടവരും.

(6) 2015-16 അദ്ധ്യായനവർഷം മുതലുള്ള നിയമനങ്ങൾക്ക് സംരക്ഷണാനുകൂല്യം അനുവദിക്കുന്നതല്ല.

## II. തസ്തികനിർണ്ണയം, നിയമനാംഗീകാരം.

(1) തസ്തിക നിർണ്ണയം, നിയമനാംഗീകാരം എന്നിവ ബഹു. ഹൈക്കോടതി വിധി അനുസരിച്ച് താഴെപ്പറയുന്ന ഖണ്ഡികകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

(2) 2011-12 വർഷം രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ സ്ഥലമാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി യിൽ 1:30 ഉം യു.പിയിൽ 1:35 ഉം ഹൈസ്കൂളിൽ 1:45 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അംഗീകാരം നൽകാം. 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ നടത്തിയ നിയമനങ്ങൾക്ക് കോടതി വിധിക്ക് അനുസൃതമായി (1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 1:30, 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 1:35, 9, 10 ക്ലാസ്സുകളിൽ 1:45 എന്ന മുറയ്ക്ക്) അംഗീകാരം നൽകേണ്ടതാണ്.

(3) 2011-12 വർഷം അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് കെ.ഇ.ആർ വ്യവസ്ഥ പ്രകാരം 1:45 അനുപാതത്തിൽ കുട്ടികൾ ലഭ്യമാണെങ്കിൽ മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ. പിന്നീടുള്ള വർഷങ്ങളിൽ കോടതി വിധിക്ക് അനുസൃതമായി (1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 1:30, 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 1:35, 9, 10 ക്ലാസ്സുകളിൽ 1:45 എന്ന മുറയ്ക്ക്) അംഗീകാരം നൽകേണ്ടതാണ്. 2015-16 മുതൽ അധിക തസ്തികകൾക്ക് കെ.ഇ. ആർ അദ്ധ്യായം XXIII ചട്ടം 12 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് തസ്തികനിർണ്ണയ തീയതി മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ. അധിക തസ്തികകൾ അനുവദിക്കുന്നതിന് കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഉണ്ടെന്ന് AEO/DEO മാർ ഉറപ്പു വരുത്തേണ്ടതാണ്.

(4) കെ.ഇ.ആറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമേ, മേൽ ഉപഖണ്ഡിക (2), (3) എന്നിവ പ്രകാരം അംഗീകാരം നൽകുമ്പോൾ പരിഗണിക്കേണ്ടതുള്ളൂ. കാലതാമസം മാപ്പാക്കൽ നടപടി യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

(5) തസ്തിക നിർണ്ണയം നടത്തേണ്ടത് ആറാം സാദ്ധ്യായ ദിവസത്തിൽ റോളിലുള്ള കുട്ടികളുടെ യു.ഐ.ഡി യുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ യു.ഐ.ഡി ലഭ്യമല്ലായെങ്കിൽ, ഇത്തരം വിദ്യാർത്ഥികളുടെ കാര്യത്തിൽ പ്രധാനാദ്ധ്യാപകനും മാനേജരും ഒപ്പിട്ട ഒരു ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്താവുന്നതാണ്. എന്നാൽ അത്തരം സ്കൂളുകളിൽ സൂപ്പർചെക്ക് സെൽ പരിശോധന നടത്തേണ്ടതാണ്. ഡിക്ലറേഷൻ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം ആ യു.ഐ.ഡി പ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകന്റെ നിയമനം റദ്ദായതായി കണക്കാക്കും.

(6) അദ്ധ്യാപകർക്ക് മേൽ ഉ.। ഖണ്ഡിക (2), (3) എന്നിവ പ്രകാരം അംഗീകാരം നൽകുമ്പോൾ ഈ ഉത്തരവു തീയതി വരെയുള്ള ശമ്പളവും അലവൻസുകളും അവരുടെ പ്രോവിഡന്റ് ഫണ്ട് ആരംഭിക്കുന്നമുറയ്ക്ക് അതിൽ നിക്ഷേപിക്കുന്നതാണ്. ഇപ്രകാരം പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുകയിൽനിന്ന് അഡ്വാൻസ് തുക പിൻവലിക്കുന്നതിന് 2020-21 ന ശേഷം മാത്രം അനുവദിക്കാവൂ.

(7) എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിൽ റവന്യൂ ജില്ലാതല സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്കൂളുകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് അദ്ധ്യാപകരുടെ പുനർവിന്യാസം സുഗമമാക്കുന്നതിന് അതാത് മാനേജർമാരുടെ കീഴിൽ മാനേജർമാരുടെ പേര് വിവരം സഹിതം ചേർത്ത് ക്രമീകരിച്ച് കൊണ്ട് സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കുകയും ഭാവിയിൽ വരുന്ന ഒഴിവുകളിൽ ഇവരെത്തന്നെ നിയമിക്കേണ്ടതുമാണ്.

## III. അധിക/സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം

**(1) തസ്തിക നിർണ്ണയം നടത്തുമ്പോൾ സർക്കാർ സർവ്വീസിൽ അധികം വരുന്ന അദ്ധ്യാപകരെ താഴെപ്പറയുന്ന ഒഴിവുകളിൽ പുനർവിന്യസിക്കേണ്ടതാണ്.**

എ) പ്രധാന അദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്

ബി) അധിക ഡിവിഷൻ തസ്തികകൾ

സി) ഭാവിയിൽ ഉണ്ടാകുന്ന അവധി ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും

ഡി) എസ്.എസ്.എ യുടെ കീഴിലുള്ള വിവിധ പ്രോജക്ടുകളിലും ആർ.എം.എസ്.എ സ്കൂളുകളിലും

ഇ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കോ- ഓർഡിനേറ്റർമാർ

എഫ്) കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സംരക്ഷിത അദ്ധ്യാപകരെ രണ്ടോ മൂന്നോ സ്കൂളുകൾ അടങ്ങുന്ന ക്ലസ്റ്ററിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരായി നിയമിക്കേണ്ടതാണ്. സ്കൂളുകളെ ക്ലസ്റ്ററാക്കുമ്പോൾ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്താവുന്നതാണ്.

**(2) എയ്ഡഡ് സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.**

എ) ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്.

ബി) അതാത് മാനേജ്മെന്റുകളുടെ കീഴിലുള്ള എല്ലാത്തരം ഒഴിവുകളിലും, കൂടാതെ,

സി) പരാമർശം (3) ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിലെ നിരീക്ഷണം കണക്കിലെടുത്ത് ഇതര മാനേജ്മെന്റുകളുടെ കീഴിൽ ഭാവിയിൽ വരുന്ന ഒഴിവുകളിലേക്ക് 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകൻ, പുതുതായി നിയമിതനാകുന്ന അദ്ധ്യാപകൻ എന്നമുറയ്ക്ക് നിയമനം (നായർ സർവ്വീസ് സൊസൈറ്റി V. കേരള സർക്കാർ 2015 (2), KHC. 725 DB യിലെ ബഹു. ഹൈക്കോടതി ഉത്തരവനുസരിച്ച്) നടത്തേണ്ടതാണ്.

. . . . . . . . . .(4)

## (3) നിയമനരീതി

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തേണ്ട ഒഴിവുകൾ മാനേജർമാർ ബന്ധപ്പെട്ട എഇഒ/ഡിഇഒ മാരെ അറിയിക്കേണ്ടതും, മാനേജർമാർ സംരക്ഷിത അദ്ധ്യാപക ലിസ്റ്റിൽ നിന്നും സ്വമേധയാ നിയമനം നടത്തേണ്ടതും, വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

(ബി) വിദ്യാഭ്യാസ ഓഫീസർമാർ/മാനേജർമാർ എന്നിവർ നൽകുന്ന നിയമനം സ്വീകരിക്കുവാൻ സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകർ ബാധ്യസ്ഥരാണ്. നിയമനഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ സ്കൂളിൽ ജോയിൻ ചെയ്യാത്ത അദ്ധ്യാപകരെ ഉടനടി സംരക്ഷിത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

## (4) സേവനവേതന വ്യവസ്ഥകൾ

(എ) സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകൾ അതാത് എഇഒ/ഡിഇഒ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ ഹാജർ അതാത് സ്കൂളിലെ ഹെഡ് മാസ്റ്റർ രേഖപ്പെടുത്തി ഡ്യൂട്ടി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എഇഒ/ഡിഇഒ മാർക്ക് സമർപ്പിക്കേണ്ടതാണ്. അവരുടെ പുനർനിയമനം സംബന്ധിച്ചും ഇൻക്രിമെന്റ് ലീവ് എന്നിവ സംബന്ധിച്ചും അതാത് സമയങ്ങളിൽ സർവ്വീസ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എപ്പോഴെങ്കിലും മാതൃസ്കൂളിൽ ഒഴിവ് വന്ന് തിരികെ പോകുമ്പോൾ മാത്രം പ്രസ്തുത ചുമതല ഹെഡ് മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.

(ബി) സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്ന മുറയ്ക്ക് സ്പാർക്കിലൂടെ ആയിരിക്കും. ടി അദ്ധ്യാപകരുടെ തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് 6.3.1969 ലെ സ.ഉ. (പി) നമ്പർ 104/69/പൊവിവ, 29.9.1999 ലെ സ.ഉ. (പി) നമ്പർ 240/99/പൊവിവ, 24.7.2000 ലെ സ.ഉ. (പി) നമ്പർ 240/2000/പൊവിവ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് അർഹതപ്പെട്ട അവധിയായോ ശൂന്യവേതന അവധിയായോ ക്രമീകരിക്കേണ്ടതാണ്.

# IV പൊതു നിർദ്ദേശങ്ങൾ

1) വിദ്യാഭ്യാസ ഓഫീസർമാരുടെ അനുമതി ഇല്ലാതെയും ചട്ട വിരുദ്ധമായും മാനേജർ നിയമനം നടത്തിയിട്ടുള്ളതായോ, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു കൊടുത്തിട്ടുള്ളതിൽ കൂടുതൽ തസ്തികയിൽ അദ്ധ്യാപകർ നിൽക്കുന്നതായോ, അനുവദനീയമായ തസ്തികയിൽ മറ്റേതെങ്കിലും കാരണത്താൽ അംഗീകാരം ലഭിക്കാതെ അദ്ധ്യാപകർ തുടരുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അദ്ധ്യാപകരെ തുടരാനനുവദിക്കുന്ന മാനേജർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

2) മാനേജർമാർ അവർ നിയമിക്കുന്ന അദ്ധ്യാപകർക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് "നിർദ്ദിഷ്ട യോഗ്യതയില്ലായ്മ, യു.ഐ.ഡിയിലെ കൃത്രിമം, ജനനതീയതിയിലെ വ്യത്യാസം മുതലായവ പ്രകാരം നിയമിക്കപ്പെടുവാൻ അർഹതയില്ലെന്ന് പിന്നീട് കണ്ടെത്തിയാൽ പിരിച്ചുവിടപ്പെടും" എന്ന ഒരു സത്യപ്രസ്താവന അദ്ധ്യാപകരിൽ നിന്നും എഴുതി വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട അധികാരികൾ/വിദ്യാഭ്യാസ ഓഫീസർമാർ ആയത് ഉറപ്പുവരുത്തേണ്ടതും അത് സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3) ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഓരോ സ്കൂളിലും നിലനിൽക്കുന്ന അദ്ധ്യാപകരുടെ ലിസ്റ്റ് അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർ/ മാനേജർമാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തസ്തികകളിൽ അംഗീകാരമുള്ള അദ്ധ്യാപകർ മാത്രമേ തുടരുന്നുള്ളൂ എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4) എല്ലാ വ്യക്തിഗത മാനേജ്മെന്റുകളും കോർപ്പറേറ്റ് മാനേജ്മെന്റുകളും നിലവിലുള്ള 51 A അവകാശികളുടെ ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ആയത് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കേണ്ടതുമാണ്. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ സീനിയോറിറ്റി ലിസ്റ്റും ഇപ്രകാരം തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ഈ ഉത്തരവു തീയതിക്കു 2 മാസത്തിനകം പ്രസിദ്ധീകരിക്കേണ്ടതാണ്. എല്ലാ മാനേജ്മെന്റുകളും അവർക്ക് ലഭിച്ചിട്ടുള്ള 51 ബി അവകാശികളുടെ അപേക്ഷയനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റും മേൽപ്രകാരം പ്രസിദ്ധീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച ലിസ്റ്റുകളെല്ലാം വർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സംരക്ഷിത ലിസ്റ്റിൽ മാനേജരുടെ സ്കൂളിൽ അദ്ധ്യാപകരില്ലെങ്കിൽ സീനിയോറിറ്റി ക്രമത്തിൽ ഇവരെ നിയമിക്കേണ്ടതാണ്.

5) സ്കൂളുകളിൽ യു.ഐ.ഡി./ഇ.ഐ.ഡി. പ്രകാരമുള്ള കുട്ടികൾ പഠിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി അതാത് എ.ഇ.ഒ./ഡി.ഇ.ഒ മാർ പരിശോധന നടത്തേണ്ടതാണ്. സൂപ്പർ ചെക്ക് ഓഫീസർ ഒരു പരിശോധന കൂടി നടത്തി വ്യത്യാസം ബോധ്യപ്പെടുകയോ വ്യാജ യു.ഐ.ഡി/കൃത്രിമം എന്നിവ ഉണ്ടെന്നു കണ്ടെത്തിയാലോ പ്രസ്തുത യു.ഐ.ഡിയുടെ അടിസ്ഥാനത്തിൽ നടത്തിയ നിയമനം റദ്ദായതായി കണക്കാക്കും. യു.ഐ.ഡി. ഉള്ള കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നുവെന്ന് കൃത്യമായും ഉറപ്പു വരുത്തിയ ശേഷം അധിക ഡിവിഷൻ/ തസ്തികകൾക്ക് അർഹതയുണ്ടെങ്കിലേ അപ്രകാരം അനുവദിച്ച് നൽകാൻ പാടുള്ളൂ. തസ്തിക നിർണ്ണയ ഉത്തരവുകളുടെ പരിശോധന കെ. ഇ. ആർ. അദ്ധ്യായം XXIII ചട്ടം 12 സി പ്രകാരമാണ് നടത്തേണ്ടത്. അപ്പീലുകൾ 12 ഡി, 12 ഇ പ്രകാരവും നടപ്പാക്കേണ്ടതാണ്.

## V സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം.

(1) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം പി.എസ്.സി മുഖേന നടത്തണമെന്ന ഉത്തരവ് പിൻവലിച്ച് നിലവിലെ കെ.ഇ.ആർ. പ്രകാരം തന്നെ നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ഒരു സ്കൂളിൽ കെ.ഇ.ആറിൽ അനുശാസിക്കും പ്രകാരമുള്ള കുട്ടികൾ/പീരീഡുകൾ ഇല്ലെങ്കിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് അവരുടെ കീഴിലുള്ള തൊട്ടടുത്ത സ്കൂളുകൾ ക്ലബ് ചെയ്ത് അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകളിൽ പീരീഡ്/കുട്ടികൾ ഇല്ലെങ്കിൽ അവ ക്ലബ്ചെയ്ത് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സർക്കാർ നിയമിക്കുന്നതാണ്.

(2) 2012-13 മുതൽ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനങ്ങൾ പരിശോധിച്ച് കെ.ഇ.ആർ പ്രകാരം അർഹതയുള്ള തസ്തികകളിലാണെങ്കിൽ നിർദ്ദിഷ്ടയോഗ്യതയുള്ള പക്ഷം അംഗീകാരം നൽകേണ്ടതാണ്.

## VI. അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനം

അൺഇക്കണോമിക് സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച് 6.11.2012 ലെ 58604/ജെ2/12/പൊവിവ നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ തുടരുന്നതാണ്.

**VII. അവധി ഒഴിവിലെ നിയമനം**

യാതൊരു തത്വദീക്ഷയുമില്ലാതെ അവധിയിൽ പ്രവേശിക്കുന്നതുമൂലം ഇപ്പോൾ എയ്ഡഡ് മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് അവധി അനുവദിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തേണ്ടതാണ്. 3 മാസം വരെയുള്ള അവധി ഒഴിവുകളിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. മൂന്നുമാസം വരെയുള്ള അവധി ഒഴിവിലെ പുതിയ നിയമനങ്ങൾ അംഗീകരിക്കുന്നതല്ല.

ഒരു അക്കാദമിക വർഷമോ അതിലധികമോ കാലയളവുള്ള എല്ലാ അവധി ഒഴിവുകളിലും 2011-12 വർഷം നിയമിക്കപ്പെട്ടവർക്ക് കെ.ഇ.ആർ വ്യവസ്ഥ പ്രകാരം 1:45 അനുപാതത്തിൽ മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ. പിന്നീടുള്ള വർഷങ്ങളിൽ കോടതി വിധിക്കനുസൃതമായി (1 മുതൽ 5 വരെ ക്ലാസുകൾക്ക് 1:30, 6 മുതൽ 8 വരെ ക്ലാസുകൾക്ക് 1:35, 9, 10 ക്ലാസുകളിൽ 1:45 എന്ന മുറയ്ക്ക്) അംഗീകാരം നൽകേണ്ടതാണ്. സംരക്ഷിത ലിസ്റ്റിൽ അദ്ധ്യാപകരില്ലാത്ത പക്ഷം ചട്ടം 43/51 എ/51 ബി എന്നീ അവകാശികളെകൊണ്ട് നികത്തേണ്ടതാണ്.

**VIII. കെ-ടെറ്റ്**

അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയ വ്യവസ്ഥയും 2018 നുള്ളിൽ പാസായാൽ മതിയാകുമെന്ന ഇളവ് അനുവദിച്ച് പുറപ്പെടുവിച്ച 13.1.2015 ലെ ജി.ഒ (പി) 10/2015/പൊവിവ നമ്പർ ഉത്തരവിനും പ്രാബല്യമുണ്ടായിരിക്കും.

പാക്കേജ് ഉത്തരവിന്റേയും മറ്റും അടിസ്ഥാനത്തിൽ തീർപ്പാകാതെ നിലവിലുള്ള കേസുകൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റാഫ് ഫിക്സേഷൻ പുന:ക്രമീകരിച്ച് പരിശോധിച്ച് അർഹതയുള്ളപക്ഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ തന്നെ നിയമനാംഗീകാരം നൽകേണ്ടതാണ്. 17.12.2015 ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ, അപ്പീലിന്റെ തീർപ്പിനു വിധേയമായി നിയമനാംഗീകാരങ്ങൾ പുനപരിശോധിക്കുന്നതാണ്.

***(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)***

**വി.എസ്. സെന്തിൽ**
***അഡീഷണൽ ചീഫ് സെക്രട്ടറി***

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി.) വകുപ്പ്
ധനകാര്യ വകുപ്പ് (05.01.2016 ലെ യു.ഒ. ഫയൽ നം. 654/എഡ്യൂ.എ 1/16/ഫിൻ., 28.01.2016 ലെ യു.ഒ. ഫയൽ നം. 6225/എഡ്യൂ.എ 1/16/ഫിൻ. എന്നിവ പ്രകാരം.)
നിയമ വകുപ്പ് (01.01.2016 ലെ യു.ഒ. ഫയൽ നം. 42/ഒപ്പീനിയൻ-എഫ്1/16/നിയമം, 19.1.2016 ലെ 1564/ഒപ്പീനിയൻ-എഫ്1/16/നിയമം എന്നിവ പ്രകാരം)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ